**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

............................................

**നക്ഷത്ര ചിഹ്നമിട്ട** **23.08.2017 - ൽ മറുപടിക്ക്.**
**ചോദ്യം നമ്പർ : 356**

**വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പുതിയ പദ്ധതികൾ**

......................

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. യു. ആർ. പ്രദീപ്<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീ. റ്റി. വി. രാജേഷ്. | **ശ്രീ. എ. സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).** |
| (എ) സംസ്ഥാനത്ത് വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) : സംസ്ഥാനത്ത് വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയ്ക്ക് 6 ജില്ലകളിലെ 11 വ്യവസായ വികസന ഏരിയ/ പ്ലോട്ടുകളിൽ ആഭ്യന്തര റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. വ്യവസായ ഭൂമിയുടെ ദൗർലഭ്യതയുള്ളതിനാൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ ഉൾക്കൊള്ളുന്നതിനായി 8 ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കാൻ പദ്ധതിയായികഴിഞ്ഞു. ഇതിൽ 4 എണ്ണത്തിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇവയിൽ എറണാകുളം ജില്ലയിലെ ഇടയാറിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മാണം പൂർത്തിയാക്കി സംരംഭകർക്ക് അനുവദിച്ച് നൽകിയിട്ടുമുണ്ട്. കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറയിൽ പുതുതായി ഏറ്റെടുത്ത 20.43 ഏക്കർ ഭൂമിയിൽ രണ്ടാംഘട്ട അടിസ്ഥാനസൗകര്യവികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

തൃശ്ശൂർ ജില്ലയിലെ വരവൂരിൽ 8.55 ഏക്കർ വിസ്തൃതിയുള്ള വ്യവസായ വികസന ഏരിയായിൽ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

എറണാകുളത്ത് അങ്കമാലി യിൽ സംസ്ഥാന സർക്കാർ നൽകിയ 15 ഏക്കർ സ്ഥലത്ത് കേന്ദ്ര സർക്കാരിന്റെ ടെക്നോളജി സെന്റർ സിസ്റ്റംസ് പ്രോഗ്രാം, കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി എന്നീ പദ്ധതികൾ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലയിൽ കിൻഫ്രയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;വിശദമാക്കുമോ ;

(ബി) : ഉണ്ട്. കിൻഫ്ര സംസ്ഥാനത്തെ വിവിധ ജില്ലകളിൽ വ്യവസായ പാർക്കുകൾ സ്ഥാപിച്ച് വ്യവസായ സംരംഭകർക്ക് നൽകി വ്യവസായ നിക്ഷേപം ആകർഷിക്കുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലവിലുള്ള കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ സ്ഥാപിച്ച് വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നുണ്ട്. വ്യവസായ മേഖലയുടെ അടിസ്ഥാനസൗകര്യമായ ജലത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി പാലക്കാട് ഒരു വ്യവസായ ജലവിതരണ പദ്ധതി നടപ്പാക്കാനുള്ള നടപടികൾ കിൻഫ്ര ആരംഭിച്ചു കഴിഞ്ഞു. എറണാകുളത്ത് കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെയും ഇൻഫോ പാർക്കിന്റെയും സ്മാർട്ട് സിറ്റിയുടെയും വികസനസാദ്ധ്യതകൾ മുന്നിൽകണ്ട് ബൃഹത്തായ വ്യവസായ ജലവിതരണ പദ്ധതി തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ കിൻഫ്ര ആരംഭിച്ചു കഴിഞ്ഞു.

(സി) സംസ്ഥാനത്ത് നിലവിലുള്ള വിമാനത്താവളങ്ങളെയും തുറമുഖങ്ങളെയും കേന്ദ്രീകരിച്ച് പുതിയ വ്യവസായ വികസന മേഖലകൾ സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ടോ ; എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ?

(സി) : സംസ്ഥാനത്ത് നിലവിലുള്ള വിമാനത്താവളങ്ങളെയും തുറമുഖങ്ങളെയും കേന്ദ്രീകരിച്ച് പുതിയ വ്യവസായ വികസന മേഖലകൾ സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ടായിരുന്നെങ്കിലും അനുയോജ്യമായ ഭൂമി കണ്ടെത്താൻ സാധിച്ചിരുന്നില്ല. പക്ഷെ വിവിധോദ്ദേശ ബൃഹത് സോണുകൾ സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് നിലവിൽ പദ്ധതിയുണ്ട്. 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 5 ബൃഹത് സോണുകളിൽ പട്ടനൂർ-പനയത്തുംപറമ്പിൽ, തൊടുപുഴ, മങ്കട എന്നീ സ്ഥലങ്ങളിൽ ഭൂമി കണ്ടെത്തിയിരുന്നു. വിഴിഞ്ഞത്തും കാസർഗോഡും ഭൂമി കണ്ടെത്തിയിട്ടില്ല. മങ്കടയിൽ കണ്ടെത്തിയ ഭൂമിയിൽ പ്രസ്തുത പദ്ധതി പ്രായോഗികമല്ലാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു.

സെക്ഷൻ ഓഫീസർ.